بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 29.05.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

**ജമാഅത്തംഗങ്ങൾക്ക് ഖിലാഫത്തുമായുള്ള ബന്ധവും ഖിലാഫത്തിന് ജമാഅത്തംഗങ്ങളുമായുള്ള ബന്ധവും അല്ലാഹുവിന്റെ സഹായത്തിന്റെയും പിന്തുണയുടെയും തെളിവാകുന്നു. ഈ ബന്ധം തന്നെയാണ് ജമാഅത്തിന്റെ ഒരുമയ്ക്കും ഏകത്വത്തിനും അഭിവൃദ്ധിക്കും ഈടു നൽകുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടൊപ്പം അല്ലാഹുവിന്റെ പിന്തുണയും സഹായവുമുണ്ടെന്നുള്ളതിനും അഹ്മദിയ്യാ ജമാഅത്ത് സത്യമാണെന്നുള്ളതിനുമുള്ള തെളിവുകൂടിയാണിത്.**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۙ﴿۲﴾ الرَّحْمٰنِ الرَّحِيْمِ ۙ﴿۳﴾ مٰلِكِ يَوْمِ الدِّيْنِ ؕ﴿۴﴾ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ؕ﴿۵﴾

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۙ﴿۶﴾ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ۬ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ﴿۷﴾

തശഹ്ഹുദും തഅവ്വുദും സൂറഃ ഫാത്തിഹയും ഓതിയതിനുശേഷം ഹുസൂർ പറഞ്ഞു;

അല്ലാഹുവിന്റെ വാഗ്ദാനപ്രകാരം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിയോഗാനന്തരം ഖിലാഫത്ത് വ്യവസ്ഥിതി സ്ഥാപിതമായി. എന്നാൽ കാലത്തിന്റെ ഖലീഫക്കും ജമാഅത്തിനുമിടയിലുള്ള ആത്മാർത്ഥമായ കൂറിന്റെയും സ്നേഹത്തിന്റെയും ബന്ധം നിലനില്ക്കാത്തിടത്തോളം, ഖിലാഫത്ത് വ്യവസ്ഥിതി സ്ഥാപിതമായി എന്നു പറയുന്നതിൽ ഒരു യാഥാർത്ഥ്യവുമില്ല. അല്ലാഹുവിനു മാത്രമേ ഈ ബന്ധം സ്ഥാപിക്കാൻ സാധിക്കുകയുള്ളൂ. മനുഷ്യപ്രയത്നങ്ങൾകൊണ്ട് ഈ ബന്ധം സൃഷ്ടിക്കുവാനോ നിലനിർത്തുവാനോ സാധിക്കുകയില്ല. ജമാഅത്തിന്റെ ഒത്തൊരുമയ്ക്കും ഏകത്വത്തിനും അഭിവൃദ്ധിക്കും ഉറപ്പു നൽകുന്നത് ഈ ബന്ധം തന്നെയാണ്. ദൈവീക വാഗ്ദാനം പൂർത്തിയായി എന്നുള്ളതിനും ഹദ്റത്ത് മസീഹ്മൗഊദ്(അ)ന്റെ കൂടെ അല്ലാഹുവിന്റെ പിന്തുണയും സഹായവുമുണ്ടെന്നുള്ളതിനും ഈ ജമാഅത്ത് സത്യമാണെന്നുള്ളതിനുമുള്ള തെളിവാണിത്. പഴയ അഹ്മദികളും നവാഗതരും യുവാക്കളും കുട്ടികളും പുരുഷൻമാരും സ്തീകളും കാലത്തിന്റെ ഖലീഫയെ ഒരു നോക്കു കാണുക പോലും ചെയ്യാത്തവരും എല്ലാവരും ഒന്നടങ്കം ഖിലാഫത്തുമായി ബന്ധം വച്ചു പുലർത്തുന്നുണ്ട്. അവർ ആത്മാർത്ഥതയിലും കൂറിലും മുൻകടന്നവരും, മുന്നേറാൻ പരിശ്രമിക്കുന്നവരുമാണ്. കാലത്തിന്റ ഖലീഫയുടെ സന്ദേശമെത്തിക്കഴിഞ്ഞാൽ അത് പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നവരാണ്. ആശ്ചര്യപ്പെടുത്തുന്ന വിധത്തിലുള്ള ബന്ധവും സ്നേഹപ്രകടനവുമാണ് അവരിൽ നിന്നുണ്ടാകുന്നത്. ഇതെല്ലാംതന്നെ അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ പൂർത്തീകരിക്കുന്ന കർമ്മസാക്ഷ്യമാണ്. ജമാഅത്തിന്റെ അഭിവൃദ്ധിയും ഇതുമായി ബന്ധപ്പെട്ടിരിക്കുന്നു. ജമാഅത്തിന് ഖിലാഫത്തിനോടുള്ള ബന്ധവും കാലത്തിന്റെ ഖലീഫയ്ക്ക് ജമാഅത്തിനോടുള്ള ബന്ധവും അല്ലാഹുവിന്റെ പിന്തുണയുടെയും സഹായത്തിന്റെയും തെളിവാണ്. ഇതു വെറും പറച്ചിൽ മാത്രമല്ല, ജമാഅത്തംഗങ്ങളുടെ ആയിരക്കണക്കിന് ലക്ഷക്കണക്കിന് ഇത്തരം പ്രകടനങ്ങളുടെ ഉദാഹരണങ്ങളുണ്ട്. ഈ സംഭവങ്ങളെയെല്ലാം ഒരുമിച്ചു കൂട്ടുകയാണെങ്കിൽ അനവധി ബൃഹദ് വാല്യങ്ങൾ വേണ്ടി വരും.

ഹദ്റത്ത് മസീഹ്മൗഊദ്(അ)ന്റെ വിയോഗാനന്തരം ഈ ജമാഅത്ത് നാമാവശേഷമാകുമെന്നാണ് എതിരാളികൾ ധരിച്ചത്. എന്നാൽ ഖിലാഫത്തുമായും ഹദ്റത്ത് മസീഹ് മൗഊദ്(അ)മായുമുള്ള ജമാഅത്തംഗങ്ങളുടെ സ്നേഹവും ആത്മാർത്ഥതയും കൂറും വർദ്ധിച്ചുകൊണ്ടേയിരിക്കുകയാണ്. എന്തുകൊണ്ട് അങ്ങനെ ആകാതിരിക്കണം? കാരണം ഇത് നബി(സ)തിരുമേനിയുടെ പ്രവചനപ്രകാരമാകുന്നു.

ഹുസൂർ പറഞ്ഞു ഞാനിപ്പോൾ ചില സംഭവങ്ങൾ കേൾപ്പിക്കുകയാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന്റെ രോഗാവസ്ഥയിലുള്ള ദിനങ്ങളെക്കുറിച്ച് അൽബദറിന്റെ എഡിറ്റർ എഴുതുന്നു; ആ ദിനങ്ങളിൽ രോഗ വിവരമന്വേഷിച്ചുകൊണ്ടുള്ള ജമാഅത്തിന്റെ സേവകരായ അംഗങ്ങളുടെ എഴുത്തുകൾ വളരെയധികം വന്നുകൊണ്ടിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ആ കത്തുകൾക്കു മറുപടിയായിക്കൊണ്ടു പറഞ്ഞു; രോഗവിവരമന്വേഷിച്ചുകൊണ്ട് എഴുതിയ എല്ലാവർക്കു വേണ്ടിയും ഞാൻ ദുആ ചെയ്യുകയാണ്. എഡിറ്റർ സാഹിബ് എഴുതുകയാണ്; അനുരാഗികൾ തമ്മിൽ പല വിചിത്രമായ രീതിയിലും സ്നേഹപ്രകടനങ്ങൾ നടത്താറുണ്ട്. ഹകീം മുഹമ്മദ് ഹുസൈൻ ഖുറൈശി സാഹിബ് എഴുതുന്നു; ഞാനൊരിക്കൽ അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഇങ്ങനെ അർ

ത്ഥിക്കുകയുണ്ടായി; അല്ലാഹുവേ ഹദ്റത്ത് നൂഹ്(അ)ന്റെ ജീവിതത്തിന് ഒരു സവിശേഷ സ്ഥാനമുണ്ടായിരുന്നു. ഇപ്പോഴുള്ള ആവശ്യകതയെക്കുറിച്ചുള്ള അറിവ് നിനക്കു മാത്രമേയുള്ളൂ. അതിനാൽ ഞങ്ങളുടെ അർത്ഥന നീ സ്വീകരിക്കേണമേ. ഞങ്ങളുടെ ഇമാമിന് നീ നൂഹിന്റെ ആയുസ്സ് നൽകിയാലും.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ കാലത്തുള്ള സംഭവമാണ്. 1924ൽ യൂറോപ്പിലേക്കുള്ള പര്യടനത്തിലായിരുന്നു. ഹുസൂറിന്റെ താല്കാലിക വേർപാടു പോലും ജമാഅത്തംഗങ്ങൾക്ക് അസഹനീയമായി. ഈയൊരു നിവേദനത്തിൽ നിന്നും നമുക്കത് അനുമാനിക്കാൻ കഴിയുന്നതാണ്. ബാബൂ സിറാജുദ്ദീൻ സാഹിബ് സ്റ്റേഷൻമാസ്റ്റർ ഇപ്രകാരം എഴുതുന്നു; പ്രിയ യജമാനരേ ഞങ്ങൾ അകലത്തിലാണ്. നിർബന്ധാവസ്ഥയിലാണ്. സാധ്യമായിരുന്നെങ്കിൽ അങ്ങയുടെ കാല്പാദത്തിലെ പൊടിയായിത്തീരുമായിരുന്നു. ഈ വേർപാടിന്റെ വേദന ഞങ്ങൾക്കു താങ്ങാനാകുന്നില്ല. യജമാനരേ ഞാൻ നാലു വർഷമായി ദാറുൽഅമാനിൽ പോയിട്ടില്ലായിരുന്നു. എന്നിട്ടും മനസ്സംതൃപ്തിയുണ്ടായിരുന്നു. തോന്നുമ്പോളെല്ലാം ഹുസൂറിന്റെ കാൽക്കീഴിലെത്തിച്ചേരുമായിരുന്നു. എന്നാൽ ഇപ്പോൾ ഒരു ദിവസംപോലുംകഴിഞ്ഞുപോകുക ദുഷ്കരമാണ്. അല്ലാഹുത്തആല തന്റെ സഹായത്താൽ ഹുസൂറിനെ വിജയശ്രീലാളിതനായി സുഖക്ഷേമത്തോടെ തിരിച്ചെത്തിക്കുമാറാകട്ടെ.

മൂന്നാം ഖിലാഫത്തിന്റെ കാലഘട്ടം വന്നു. അമേരിക്കയിലെ ഒരു അഹ്മദി വനിതയുണ്ടായിരുന്നു. സിസ്റ്റർ നഈമ ലത്തീഫ്. അവർക്ക് ഖിലാഫത്തുമായി അതിരറ്റ പ്രേമമായിരുന്നു. കാലത്തിന്റെ ഖലീഫയെ അനുസരിക്കുന്നതിന് ഏറ്റവും മുൻഗണന നൽകിയിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസിന്റെ അമേരിക്കൻ പര്യടന വേളയിൽ ഒരു യുണിവേഴ്സിറ്റിയിൽ പർദ്ദയുടെ പ്രാധാന്യത്തെക്കുറിച്ച് സംസാരിക്കുകയുണ്ടായി. അതു കേട്ടയുടനെ തന്നെ അവർ ഹിജാബ് അണിയുകയുണ്ടായി. അക്കാലത്ത് അവരുടെ പ്രദേശത്ത് അവരെമാത്രമേ ഇസ്ലാമിക പർദ്ദയിൽ കാണപ്പെട്ടിരുന്നുള്ളൂ. കാലത്തിന്റെ ഖലീഫയുടെ കല്പനയാണ് അതു പാലിക്കണമെന്നും ഖലീഫയുമായുള്ള ബന്ധത്തിന്റെ തേട്ടം പൂർത്തിയാക്കണമെന്നും എന്റെ ബൈഅത്തിന്റെ നിബന്ധനകൾ പൂർത്തിയാക്കണമെന്നുമുള്ള ഒരു വ്യാകുലതയായിരുന്നു.

ബഹുമാന്യ മെഹർ മുഖ്താർ അഹമദ് ഓഫ് ബാഗഡ് സർഗാനാ ഒരു ആത്മാർത്ഥനായ അഹ്മദിയാണ്. 1974 ലെ പശ്ചാത്തലത്തിൽ എതിരാളികൾ അദ്ദേഹത്തിന്റെ ജീവിതം ദുസ്സഹമാക്കി. ആവേശമുള്ള ഒരു ദാഈ ഇലല്ലാഹ് ആയതുകൊണ്ട് ബന്ധുമിത്രാദികളെല്ലാം കഠിന വിരോധികളായിത്തീർന്നു. പൂർണ്ണ പന്തിവിരോധം ഏർപ്പെടുത്തി. ബാഗഡ് സർഗാനയിലെ ഭൂമി വിറ്റ് റബ്വയുടെ പരിസരത്ത് നിലം കരാറിനെടുത്ത് കൃഷി ആരംഭിച്ചു. പിന്നീട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസുമായി നടത്തിയ കൂടിക്കാഴ്ചയിൽ ഇക്കാര്യം പറഞ്ഞപ്പോൾ ഹുസൂറിന് അത് ഇഷ്ടപ്പെട്ടില്ല. ഹുസൂർ പറഞ്ഞു ആ പ്രദേശത്തെ വിട്ടൊഴിയാൻ പാടില്ലായിരുന്നു. അദ്ദേഹം അതനുസരിച്ചു പ്രവർത്തിച്ചു. സ്ഥലമുടമയോടു കരാർ തുക തിരികെ ആവശ്യപ്പെട്ടു. അയാൾ അത് നിഷേധിച്ചപ്പോൾ വിളഞ്ഞു നില്ക്കുന്ന നിലം അതേ പടി ഉപേക്ഷിച്ചു കൊണ്ട് കരാർ തുക വാങ്ങാതെ തന്നെ സ്വദേശമായ ബാഗഡ് സർഗാനയിലെത്തി. ഒരു പാടു ശ്രമിച്ച് താൻ വിറ്റ അതേ ഭൂമി അധികവിലക്കു വാങ്ങി. എന്നിട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസിന്റെ സന്നിദ്ധിയിൽ പോയി പറഞ്ഞു; ഞാൻ താങ്കളുടെ നിർദ്ദേശം പ്രാവർത്തികമാക്കിയിരിക്കുന്നു. ഹുസൂർ അതിൽ സന്തോഷം പ്രകടിപ്പിച്ചു. മെഹർ അലി സാഹിബിനും അപ്പോൾ വളരെ സന്തോഷമായി.

പിന്നീട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റ)ന്റെ കാലഘട്ടം വന്നു. അദ്ദേഹം പറയുന്നു ആഫ്രിക്കയിൽ സംജാതമായ അതിമഹത്തായ വിപ്ലവങ്ങൾ ആദ്യകാല വാഖിഫീനുകളുടെ ത്യാഗങ്ങളുടെ ഫലമാണ്. രാജ്യത്തിനകത്ത് എത്ര അതിശയകരമായ മാറ്റങ്ങളാണ് സംഭവിച്ചിരിക്കുന്നത് എന്നതിനെക്കുറിച്ചുള്ള രൂപം അവിടെയുള്ള ജമാഅത്തുകൾക്കുപോലും ഇല്ല. വലിയ വലിയ അനുഭവസമ്പന്നരും ഭരണകൂടങ്ങളുമായി നല്ല സ്വാധീനമുള്ളവരുമായ ചില അഹ്മദികൾ എന്നോട് പറയുകയുണ്ടായി, നമ്മുടെ സമൂഹം അഹ്മദിയ്യത്തിനോടുള്ള സ്നേഹത്തിലും സഹകരണത്തിലും ഇത്രമാത്രം മുന്നേറിയിട്ടുണ്ടെന്നും അവർക്ക് സന്ദേശം എത്തിക്കാൻ തക്കവണ്ണം അവർ പാകപ്പെട്ടിരിക്കുന്നു എന്നും ഞങ്ങൾക്കുപോലും അറിയില്ലായിരുന്നു. ഞങ്ങളുടെ സമൂഹത്തിന് അഹ്മദിയ്യാ ജമാഅത്തിന്റെ ഏതെങ്കിലും ഖലീഫയെ സേവിക്കാനും സ്നേഹം പ്രകടിപ്പിക്കുവാനുമുള്ള സൗഭാഗ്യം ലഭിക്കുമെന്ന് ഞങ്ങളുടെ ചിന്തയിൽ പോലും ഉണ്ടായിരുന്നില്ല എന്ന് ഒരു സാഹിബ് എന്നോട് പറയുകയുണ്ടായി. അദ്ദേഹം പറയുകയുണ്ടായി ഞാനിവിടെ കണ്ട പെരുമാറ്റരീതി ഇതിനു മുമ്പ് ഇവിടെയുള്ള രാഷ്ട്രീയ ഭരണകൂടങ്ങളുടെ നേതാക്കൻമാരോടല്ലാതെ മറ്റാരോടും കണ്ടിട്ടില്ല. അതെല്ലാം ഭൗതീകമായ ദൃഷ്ടിയോടെയാണ് ചെയ്യാറുള്ളത്. മാത്രമല്ല നമ്മുടെ ജമാഅത്തിന്റെ ഭാഗത്തു നിന്നുള്ള യാതൊരു പ്രയത്നവും അതിലില്ല. ഇവിടെ സംജാതമായതെല്ലാം അദൃശ്യങ്ങളിൽ നിന്നുള്ളതാണ്. അതും അതിശയകരമാം വിധം. എല്ലാം അല്ലാഹുവാണ് സംജാതമാക്കിയത്.

ഹുസൂർ പറഞ്ഞു; ഇനി എന്റെ കാലത്തുള്ള കാര്യങ്ങളാണ്. 2004 ൽ നൈജീരിയയിൽ പര്യടനം നടത്തി. രണ്ടു ദിവസത്തെ പര്യടനമായിരുന്നു. ആദ്യം അവിടെ പോകുവാനുള്ള പദ്ധതിയുണ്ടായിരുന്നില്ല. യാദൃശ്ചികമായി പോയതാണ്. ഫ്ളൈറ്റ് അവിടെ നിന്നായതുകൊണ്ട് നിർബ

സ്ഥാവസ്ഥയിൽ അവിടെപോയതാണ്. എന്നാൽ അവിടെ ചെന്ന് കഴിഞ്ഞപ്പോളാണ് മനസ്സിലാക്കാൻ സാധിച്ചത്, ഇവിടെ വരേണ്ടത് അനിവാര്യമായിരുന്നു എന്ന്. വരാതിരുന്നാൽ അത് തെറ്റായിപ്പോകുമായിരുന്നു. ഞാനവിടെ എത്തിക്കഴിഞ്ഞാൽ ദൂരെദൂരെ നിന്നും ആളുകൾക്ക് എത്തിച്ചേരാൻ സാധിക്കുമെന്ന് കരുതിയിരുന്നില്ല. എന്നാൽ വെറും രണ്ട് മണിക്കൂർ നേരത്തേക്ക് എന്നെ കാണുവാനായി മുപ്പതിനായിരത്തോളം സ്ത്രീകളും പുരുഷൻമാരും അവിടെ സമ്മേളിച്ചിരുന്നു. അവരുടെ ആത്മാർത്ഥതയുടെയും കൂറിന്റെയും ദൃശ്യം ഒന്നു കാണേണ്ടതുതന്നെയായിരുന്നു. ഖിലാഫത്തിനോടുള്ള അവരുടെ ആത്മാർത്ഥമായ ബന്ധവും സ്നേഹവും വിവരാണാതീതമാണ്. കാലത്തിന്റെ ഖലീഫയെ ഒരിക്കൽപ്പോലും കണ്ടിട്ടില്ലാത്ത അവർ നേരിട്ടു കാണുന്ന സമയത്തുള്ള അവരുടെ പ്രകടനങ്ങൾ അതിശയിപ്പിക്കുന്നതായിരുന്നു. അവിടെനിന്നും തിരിച്ചുവരുമ്പോൾ ദുആ ചെയ്യുന്ന സമയത്ത് ചില സ്ത്രീകളും പുരുഷൻമാരും വളരെ വികാരഭരിതരായിരുന്നു. അവരുടെ ആവേശം കണ്ട് അതിശയം തോന്നിയിരുന്നു. ഇത്തരം സ്നേഹം സഞ്ജാതമാക്കാൻ അല്ലാഹുവിനുമാത്രമേ സാധിക്കൂ. ഇത്തരം സ്നേഹം അല്ലാഹുവിനുവേണ്ടി മാത്രമേ ഉണ്ടാകുകയുള്ളൂ. ഞങ്ങൾ ഇന്നയിന്ന ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് ജമാഅത്തിന്റെ മിഷൻ നിർത്തിപ്പിച്ചിരിക്കുന്നുവെന്നും ഇന്നയിന്ന സ്ഥലങ്ങളിൽ ഉടൻ നിർത്തലാക്കുന്നതാണ് എന്ന് ഞങ്ങൾക്ക് ഉറപ്പു ലഭിച്ചിരിക്കുന്നു എന്നെല്ലാം പറഞ്ഞ് മൗലവിമാർ വലിയ വീരവാദങ്ങൾ മുഴക്കാറുണ്ട്. എന്നാൽ ആരെങ്കിലും അവരോടൊന്നു ചോദിക്കുക, അവിടെയുള്ള ജനങ്ങൾ കാണിക്കുന്ന ആത്മാർത്ഥതയും കൂറും അതുപോലെ എം.ടി.എയിൽ കാണിക്കുന്ന അവരുടെ മുഖങ്ങളും പിന്നെ നാം അവിടെപ്പോയി നേരിട്ടു കാണുന്ന കാഴ്ചകളുമെല്ലാം എന്താണ്? ഇതെല്ലാം മിഷൻ നിർത്തലാക്കിയതിന്റെ ഫലങ്ങളാണോ? അവരെന്തായാലും അവരുടെ വീരവാദങ്ങൾ മുഴക്കിക്കൊണ്ടിരിക്കും. മുഴക്കിക്കൊള്ളട്ടെ. എന്നാൽ ഇതെല്ലാം നമ്മുടെ വിശ്വാസത്തെ ദൃഢപ്പെടുത്തുകയും അതിൽ അഭിവൃദ്ധിക്കു കാരണമായിക്കൊണ്ടിരിക്കുകയുമാണ് ചെയ്യുന്നത്. അമേരിക്കയോ കാനഡയോ യൂറോപ്പോ മറ്റേതെങ്കിലും രാജ്യമോ ആകട്ടെ എല്ലായിടത്തും ആത്മാർത്ഥതയുടെയും അനുസരണത്തിന്റെയും ഈ മാതൃക നമുക്ക് കാണാൻ സാധിക്കുന്നതാണ്. ഇത് മനുഷ്യന്റെ പ്രയത്നങ്ങളാൽ സാധ്യമായതല്ല.

ഹുസൂർ പറഞ്ഞു; ജനഹൃദയങ്ങളിൽ ആത്മാർത്ഥതയും അനുരസണയോടുകൂടിയ ബന്ധവും അല്ലാഹുവാണ് സംജാതമാക്കുന്നതെന്നും ഒരു ഭൗതീകശക്തിക്കും അത് തട്ടിയെടുക്കാൻ സാധിക്കുകയില്ല എന്നും തെളിയിക്കുന്ന ചില ഉദാഹരണങ്ങളാണിവിടെ സമർപ്പിച്ചത്. അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ പൂർത്തിയാകുന്നത് നിങ്ങൾ കാണുമാറാകും എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുകയുണ്ടായി. അല്ലാഹുവിന്റെ ആ വാഗ്ദാനങ്ങൾ പൂർത്തിയാകുന്നത് കാണുവാൻ നമ്മളിൽ കൂടുതൽ പേർക്കും അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ മെയ് 27 മുതൽ പുതിയതായി ക്രമപ്പെടുത്തിയ എം.ടി.എ യുടെ വിവിധ റീജ്യണുകളുടെ അടിസ്ഥാനത്തിൽ എട്ട് ചാനലുകളിലായി വേർതിരിക്കുന്ന വിളംബരം നടത്തുകയുണ്ടായി. അതിന്റെ വിശദവിവരങ്ങൾ നൽകിയതിനു ശേഷം ഹുസൂർ ദുആ ചെയ്തു; അല്ലാഹു ഈ സംവിധാനത്തിൽ അനുഗ്രഹം ചൊരിയുമാറാകട്ടെ എം.ടി എ വകുപ്പിന് മുൻപത്തേക്കാളുപരി ഇസ്‌ലാമിന്റെ യഥാർത്ഥ സന്ദേശം ലോകത്തെല്ലായിടത്തും എത്തിക്കുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ.(ആമീൻ).

اَلْحَمْدُ لِلّٰهِ نَحمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُوْمِنُ بِهِ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ يُضْلِلْهُ فَلَا هَادِىَ لَهُ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 29.05.2020
Malayalam Translation: **Moulavi K. Najmuddin Muriyakkanni** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516